**അടിയന്തിരം**

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഇ2/11045/15 തീയതി: 15/02/2016

ട്രെയിനിംഗ് ഡയറക്ടർ

പ്രിൻസിപ്പാൾ
ഐ.ടി.ഐ, ആരക്കുഴ, അരീക്കോട്, ആര്യനാട്, ആറ്റിങ്ങൽ, ബേപ്പൂർ, ചങ്ങനാശ്ശേരി, ചേലക്കര, വനിത ചെങ്ങന്നൂർ, ചെന്നീർക്കര, ചെറിയമുണ്ടം, ചേർപ്പ്, ധനുവച്ചപുരം, ഇളമാട്, ഏറിയാട്, ഏറ്റുമാനൂർ, കഞ്ഞിക്കുഴി, കണ്ണൂർ, വനിത കണ്ണൂർ, കാസർഗോഡ്, കട്ടപ്പന, കയ്യൂർ, കഴക്കൂട്ടം, കൊല്ലം വനിത, കൊല്ലംകോട്, കൊയിലാണ്ടി, കുറുമാത്തൂർ, കുഴൽമന്ദം, മാടായി, മാള, മലമ്പുഴ, മലയിൻകീഴ്, മണലൂർ, മണിയൂർ, മരട്, മാറാഞ്ചേരി, മെഴുവേലി, നെൻമേനി, പള്ളിക്കത്തോട്, പള്ളിപ്പാട്, പേരാവൂർ, പെരിങ്ങോം, പുല്ലൂർ, പുഴക്കാട്ടിരി, രാജക്കാട്, റാന്നി, സീതാംഗോളി, താഴേക്കാട്, തേവലക്കര, തിരുവമ്പാടി, തിരുവാർപ്പ്, വടകര, വളയം, അട്ടപ്പാടി, വാണിയംകുളം, വയലാർ, വേങ്ങൂർ.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 2014-15 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവുകൾ നൽകിയത് -ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് മുഖേന പെൻഡിംഗ് പേമെന്റ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 09.10.2015 ലെ ഇതേ നമ്പർ സർക്കുലർ.

*********

2014-15 സാമ്പത്തിക വർഷത്തിൽ 87-മോഡണൈസേഷൻ ശീർഷകത്തിൽ വിതരണ ഉത്തരവുകൾ നൽകിയതനുസരിച്ചുള്ള പെൻഡിംഗ് പേയ്മെന്റ് ആയ 5 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് മുഖേന കൊടുത്തു തീർക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ടി തുക നടപ്പു സാമ്പത്തിക വർഷത്തിൽ തന്നെ പൂർണ്ണമായും ചെലവഴിക്കേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷം അവസാനിക്കാൻ ഒരു മാസം മാത്രം ശേഷിക്കേ ടി ഇനത്തിൽ ഏകദേശം 2.80 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പല ഐ.ടി.ഐ കളിലും തൃപ്തികരമായി വിതരണം പൂർത്തിയാക്കിയിട്ടും സാധനങ്ങൾ സമയബന്ധിതമായി സ്റ്റോക്കെടുക്കുകയോ പേമെന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.

നടപ്പു സാമ്പത്തിക വർഷം തന്നെ ടി തുക പൂർണ്ണമായും ചെലവഴിക്കേണ്ടതിനാൽ തൃപ്തികരമായി വിതരണം ചെയ്ത് സാധനങ്ങൾ രണ്ട് ദിവസത്തിനകം സ്റ്റോക്കെടുത്ത് ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ട് (ഇ.എൽ.എ) മുഖേന പേമെന്റ് നൽകുന്നതിനുള്ള **ശുപാർശ നിശ്ചിത മാതൃകയിൽ തയ്യാറാക്കി ഓരോ ആഴ്ചയിലും വിവരങ്ങൾ അതത് ആഴ്ചയിലെ അവസാനത്തെ പ്രവർത്തി ദിവസം മൂന്ന് മണിക്ക് മുൻപ് ഡയറക്ടറേറ്റിൽ അയച്ചു തരേണ്ടതും ഇതിന്റെ ഒരു പകർപ്പ് പി.ഡി.എഫ് ആയി purchasedt@gmail.com എന്ന മെയിൽ ഐ.ഡി യിൽ അയച്ചു തരേണ്ടതാണ്.**

ടി വിഷയത്തിൽ എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും അതീവ ശ്രദ്ധ ചെലുത്തേണ്ടതും അപാകതയുള്ള സാധനങ്ങളുടെ അപാകത പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനവുമായി ബന്ധപ്പെട്ട് എത്രയും പെട്ടെന്ന് മേൽനടപടികൾ സ്വീകരിക്കേണ്ടതുമാണ്. തൃപ്തികരമായി വിതരണം പൂർത്തിയാക്കിയിട്ടും പേമെന്റ് നൽകിയിട്ടില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും.

പെൻഡിംഗ് പേമെന്റ് ഇനത്തിൽ ധനുവച്ചപുരം, കണ്ണൂർ, ഏറ്റുമാനൂർ, ആറ്റിങ്ങൽ എന്നീ ഐ.ടി.ഐ കളിലാണ് ഏറ്റവും കൂടുതൽ തുകകൾ ഇനിയും കൊടുക്കാനുള്ളത്. ആയതിനാൽ ടി ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ടി വിഷയത്തിൽ അടിയന്തിര പ്രാധാന്യം നൽകി മേൽനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓരോ ആഴ്ചയിലും ടി വിവരങ്ങൾ അതത് ആഴ്ചയിലെ (മാർച്ച് 31 വരെ) പ്രവർത്തി ദിവസം തന്നെ അറിയിക്കാൻ (NIL Statement ഉൾപ്പെടെ) ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ശ്രദ്ധ ചെലുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ടി വിഷയം വളരെ ഗൗരവ പൂർവ്വമായി കാണുന്നതായിരിക്കും.

താങ്കളുടെ വിശ്വസ്തൻ,

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എൽ.17.02.16.ഡി